SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

## മികച്ച ജീവനക്കാരൻ (സർക്കാർ/പൊതുമേഖല)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022



(കാഴ്ച പരിമിതി)

## ശ്രീമതി. വിജിമോൾ വി.എസ്

തിരുവനന്തപുരം നിവാസിയായ ശ്രീമതി. വിജിമോൾ വി. എസ് കോടവിളാകം ഗവ. എൽ പി സ്കൂൾ അദ്ധ്യാപികയായി നിലവിൽ സേവനം അനുഷ്ഠിച്ചു വരുന്നു. സ്കൂളിലെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലെ നിറസാന്നിദ്ധ്യമായ ടീച്ചർ സ്കൂളിന്റെ Youtube ചാനൽ വളരെ മനോഹരമായി മുന്നോട്ട് കൊണ്ടു പോകുന്നതിൽ പ്രധാന പങ്ക് വഹിയ്ക്കുന്നു. 2018-ൽ സംസ്ഥാന അവാർഡ് ലഭിച്ച നൊമ്പരപ്പൂക്കൾ, 2021-ൽ സംസ്ഥാന ഭിന്നശേഷിക്കാർക്കായുള്ള മികച്ച കലാ സൃഷ്ടി അവാർഡ് ലഭിച്ച മിഴിനീർത്തുള്ളികൾ, കിട്ടുന്റേയും ടോമിയുടേയും കൊറോണ വിശേഷങ്ങൾ എന്നിവ ടീച്ചറുടെ രചനകളാണ്.

കേരള സർക്കാർ

## സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT

care, protection & empowerment

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

മികച്ച ജീവനക്കാരൻ (സർക്കാർ/പൊതുമേഖല)



(കേൾവി പരിമിതി)

## ശ്രീമതി. ഉഷ. എസ്

തിരുവനന്തപുരം നിവാസിയായ ശ്രീമതി. ഉഷ .എസ് നിലവിൽ റവന്യൂ വകുപ്പിൽ സേവനം അനുഷ്ഠിച്ചു വരുന്നു. റവന്യൂ ഓഫീസിൽ പൊതുജനങ്ങളോടും, മേലധികാരികളോടും, സ്നേഹത്തോടെയും, ബഹുമാനത്തോടെയും പെരുമാറുന്ന ശ്രീമതി. ഉഷ ഓഫീസ് ജോലിയിലും വളരെ കൃത്യനിഷ്ഠയും, സത്യസന്ധതയും, ആത്മാർത്ഥതയും മികച്ച ജോലി പാടവം പുലർത്തുന്ന ജീവനക്കാരിയാണ്.

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT

care, protection & empowerment

GOVERNMENT OF KERALA

सत्यमेव जयते

മികച്ച ജീവനക്കാരൻ

(സർക്കാർ/പൊതുമേഖല)



(ചലന വൈകല്യം)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## ശ്രീമതി. സീന എ.സി

തൃശ്ശൂർ നിവാസിയായ ശ്രീമതി സീന നിലവിൽ ജി.വി.എച്ച്.എസ് സ്കൂളിലെ പ്രധാന അദ്ധ്യാപികയായി ജോലി ചെയ്തു വരുന്നു. കൃഷിയ്ക്കുള്ള ഏറ്റവും നല്ല സ്കൂളിനുള്ള ബഹുമതി തന്റെ സ്കൂളിന് ലഭിയ്ക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. 2022 ഉൾപ്പടെയുള്ള 6 വർഷങ്ങളിലും എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് 100% വിജയം നേടാൻ സാധിച്ചു. 2019 ൽ കർമ്മ ശ്രേഷ്ഠ പുരസ്കാരവും, 2021 വനിത ദിനത്തിൽ തൃശ്ശൂർ വെസ്റ്റ് റോട്ടറി ക്ലബിന്റെ ആദരവും ലഭിച്ചു. സ്കൂളിനെ സ്പോർട്സ് സ്കൂളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂളിലെ പ്രവർത്തനങ്ങൾക്കൊപ്പം പൊതുപ്രവർത്തനങ്ങളിലും ടീച്ചർ ഏർപ്പെടാറുണ്ട്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

മികച്ച ജീവനക്കാരൻ
(സർക്കാർ/പൊതുമേഖല)



(ചലന വൈകല്യം)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## ഡോ. ബാബുരാജ് പി.റ്റി

കോട്ടയം ജില്ല നിവാസിയായ ഡോ. ബാബുരാജ് കോളേജ് അദ്ധ്യാപകനായും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഡിപ്പാർട്മെന്റ് ഹെഡ്ഡായും പ്രവർത്തിച്ച് വരുന്നു. 1990–ൽ കോളേജ് അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ച ഇദ്ദേഹം പരിമിതികളെ വകവയ്ക്കാതെ തന്റെ കർമ്മ മണ്ഡലത്തിൽ നാഷണൽ, ഇന്റർനാഷണൽ കോൺഫറൻസുകളിൽ പങ്കെടുക്കുകയും വിവിധ പേപ്പർ പ്രസന്റേഷനുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

കേരള സർക്കാർ

സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT
care, protection & empowerment

GOVERNMENT OF KERALA
सत्यमेव जयते

## മികച്ച ജീവനക്കാരൻ (സർക്കാർ/പൊതുമേഖല)



(ബഹു വൈകല്യം)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## ശ്രീ. ഷിജു എൻ. വി

വയനാട് ജില്ലാ നിവാസിയായ ശ്രീ. ഷിജു കല്ലുപാടി, കാക്കവയൽ വയനാട് ജി.എൽ.പി സ്കൂളിലെ പ്രധാന അധ്യാപകനായി സേവനം അനുഷ്ഠിച്ചു വരുന്നു. ഇദ്ദേഹം രചിച്ച ഉരുളുന്ന ചക്രങ്ങൾക്കിടയിലൂടെ എന്ന നാടകത്തിന് മികച്ച നാടകരചയിതാവിനുള്ള ഏഴാമത് രാജൻ കക്കാട് സ്മാരക പുരസ്കാരം ലഭിച്ചിട്ടുണ്ട്. 'സീരിയലുകളെ വിട', 'ചുവരിൽ തൂക്കിയ പുഴ', 'വാപ്പച്ചിയുടെ കുഞ്ഞിപ്പത്തിരി' എന്നീ ബാലസാഹിത്യ പുസ്തകങ്ങൾ ഇദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പെയിൻ ആന്റ് പാലിയേറ്റീവ് രംഗത്ത് പ്രവർത്തനങ്ങൾ നടത്തി വരുന്നതോടൊപ്പം ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി ഊര് സന്ദർശനവും ഇടപെടലുകളും നടത്തി വരുന്നു.

മികച്ച ജീവനക്കാരൻ

(സ്വകാര്യ മേഖല)



(കേൾവി പരിമിതി)

SOCIAL JUSTICE DEPARTMENT

care, protection & empowerment

കേരള സർക്കാർ

## സാമൂഹ്യ നീതി വകുപ്പ്

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## ശ്രീമതി. നീതു കെ.വി

കണ്ണൂർ ജില്ല നിവാസിയായ ശ്രീമതി. നീതു തന്റെ കേൾവി പരിമിതി മറികടന്ന് പ്ലസ് ടു വരെ പഠിയ്ക്കുകയും 2018 മുതൽ കാക്കനാട്ടുള്ള വിസ്മയ 11 ഇൻഫോ പാർക്ക് എന്ന പ്രൈവറ്റ് സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്നു. ജോലിയിലുള്ള മികവ് തന്നെയാണ് ട്രാൻസാക്ഷൻ പ്രൊസസർ എന്ന പദവിയിൽ നീതു കെ വിയെ എത്തിച്ചത്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

## കേരള സർക്കാർ
# സാമൂഹ്യ നീതി വകുപ്പ്

മികച്ച ജീവനക്കാരൻ
(സ്വകാര്യ മേഖല)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022



(ബൗദ്ധിക വെല്ലുവിളി)

## ശ്രീ. തോമസ് എ.റ്റി

ഇടുക്കി ജില്ല നിവാസിയായ ശ്രീ. തോമസ് അടിമാലിയിലുള്ള കാർമൽ ജ്യോതി വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിൽ ജോലി ചെയ്തു വരുന്നു. ജോലി സ്ഥലത്ത് തന്റെ സഹപ്രവർത്തകരുമായി നല്ല ബന്ധം നിലനിർത്തുകയും തനിക്ക് കഴിയുന്ന ജോലികൾ ചെയ്തുകൊണ്ട് സ്ഥാപനത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു. കൃഷിപ്പണിയിൽ അതിയായ താൽപ്പര്യവും കഴിവും പ്രകടിപ്പിയ്ക്കുന്ന ഇദ്ദേഹം ഏറ്റെടുക്കുന്ന ജോലികൾ വളരെ ഉത്തരവാദിത്വത്തോടെ നിർവ്വഹിച്ചുവരുന്നു.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ
# സാമൂഹ്യ നീതി വകുപ്പ്

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

മികച്ച മാതൃക വ്യക്തി



(ഡൗൺ സിൻഡ്രോം)

## മിസ്. ധന്യ .പി

കോഴിക്കോട് നിവാസിയായ മിസ്. ധന്യ .പി തുടർച്ചയായി 3 വർഷം ഹയർസെക്കന്ററി കലോത്സവത്തിൽ ഭരതനാട്യത്തിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്. 76 ഓളം വേദികളിൽ നൃത്തം അവതരിപ്പിച്ച് വേൾഡ് ഡൗൺ സിൻഡ്രോം കോൺഗ്രസ് 2015 ന്റെ വേദിയിൽ ശ്രദ്ധേയയായി. ഡൗൺ സിൻഡ്രോം ഉള്ള വ്യക്തികൾക്കിടയിൽ ഒരു റോൾ മോഡൽ എന്ന നിലയിലും, ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ നിരവധി വിദ്യാർത്ഥികൾക്ക് ധന്യ ഇപ്പോൾ നൃത്ത അധ്യാപിക എന്ന നിലയിലും സജീവ സാന്നിധ്യമാണ്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

GOVERNMENT OF KERALA
सत्यमेव जयते

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## മികച്ച മാതൃക വ്യക്തി



(മസ്കുലാർ ഡിസ്ട്രോഫി)

## മിസ്. ജിമി ജോൺ

വയനാട് ജില്ല നിവാസിയായ മിസ്. ജിമി ജോൺ JDT Islam College of Arts and science, കോഴിക്കോട് അസിസ്റ്റന്റ് പ്രൊഫസറായി സേവനം അനുഷ്ഠിച്ചുവരുന്നു. മൾട്ടിമീഡിയ വിഷയത്തിൽ ഗവേഷണ പ്രബന്ധങ്ങൾ രാജ്യാന്തര ജേണലുകളിൽ പ്രസിദ്ധീകരിക്കുകയും നാഷണൽ, ഇന്റർനാഷണൽ തലത്തിൽ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തന്റെ പരിമിതികൾക്കിടയിലും ദുരിത ബാധിതർക്കും ശാരീരിക വൈകല്യങ്ങളുള്ളവർക്കും പ്രചോദനം നൽകുന്ന തരത്തിലുള്ള പ്രഭാഷണങ്ങൾ Youtube ചാനൽ വഴി അവതരിപ്പിക്കുന്നു. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ, ക്രൗഡ് ഫണ്ടിംഗ് പ്രോഗ്രാം, സ്പെഷൽ സ്കൂൾ ഓഫ് ഓർഫനേജിലെ കുട്ടികളെ പഠിപ്പിക്കുക എന്നിവയിലും പങ്കാളിയാണ്.

കേരള സർക്കാർ

## സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT

care, protection & empowerment

മികച്ച സർഗ്ഗാത്മക കഴിവുള്ള കുട്ടി



(നാഷണൽ ട്രസ്റ്റ് ആക്ട്)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## മിസ്. അനന്യ ബിജേഷ്

തിരുവനന്തപുരം ജില്ല നിവാസിയായ മിസ്. അനന്യ ബിജേഷ് 5 വയസ്സ മുതൽ സിനിമ ഗാനങ്ങൾ കേട്ട് പഠിച്ച് കരോക്കെക്കൊപ്പം പാടി തുടങ്ങി. വിവിധ ടിവി ചാനലുകളിൽ പ്രശസ്ത ഗായകർക്കൊപ്പം സ്റ്റേജ് ഷോകളിൽ പാടാൻ അവസരം ലഭിച്ചു. അനായാസമായി കീബോർഡ് വായിക്കുന്ന ശാസ്ത്രീയ സംഗീതവും അഭ്യസിച്ചു വരുന്നു. ബാഗ്ലൂരിൽ വെച്ച് നടത്തിയ ഇന്റർ സ്കൂൾ കലോത്സവത്തിൽ സോളോ സോംഗിനും ഇൻസ്ട്രുമെന്റിൽ ഫ്ലോ ചെയ്യുതിനും തുടർച്ചയായി 2 വർഷം ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

## സാമൂഹ്യ നീതി വകുപ്പ്

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

മികച്ച സർഗ്ഗാത്മക കഴിവുള്ള കുട്ടി



(നാഷണൽ ട്രസ്റ്റ് ആക്ട്)

## മാസ്റ്റർ നയൻ. എസ്

കൊല്ലം ജില്ല നിവാസിയായ മാസ്റ്റർ നയൻ എസ് തന്റെ പരിമിതികളെ അതിജീവിച്ചുകൊണ്ട് ലാപ്പ് ടോപ്പ് ഉപയോഗിച്ച് രണ്ട് പുസ്തകങ്ങളും, ഒരു തിരക്കഥയും രചിച്ചിട്ടുണ്ട്. കൂടാതെ രണ്ട് വേൾഡ് റിക്കോർഡുകളും നിരവധി അവാർഡുകളും ലഭിച്ചിട്ടുണ്ട്. 6 വയസ്സുള്ളപ്പോൾ തന്നെ 10 കവിതകൾ, 5 പാസേജസ്, 5 റിപ്പോർട്ടുകൾ, ഫിലോസഫി അടിസ്ഥാനമാക്കി 25 ചോദ്യോത്തരങ്ങൾ ഉൾപ്പെടുന്ന 'Journey of my soul', To find universe എന്നീ പുസ്തകങ്ങൾ രചിച്ചു. കൂടാതെ റൈസ് autism എന്ന പേരിൽ ഒരു ഡോക്യുമെന്ററി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017 ൽ കേരള സാഹിത്യ അക്കാദമി സ്പെഷ്യൽ അവാർഡ്, 2018 ൽ world youngest autistic child philosopher award, State Commissionerate for Persons with Disabilities award, Ujjwalabalyam Award 2020 എന്നിവ ലഭിച്ചിട്ടുണ്ട്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

## മികച്ച സർഗ്ഗാത്മക കഴിവുള്ള കുട്ടി



(മറ്റ് ഭിന്നശേഷി വിഭാഗം)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## മിസ്. കെ.എസ് അസ്ന ഷെറിൻ

തൃശ്ശൂർ ജില്ല നിവാസിയായ മിസ്. അസ്ന ഷെറിന് പഠനത്തിലും എഴുത്തിലും ചിത്രംവരയിലും കരകൗശല വിദ്യയിലും, കവിതാരചനയിലും, ഗ്ലാസ് പെയിന്റിംഗിലും എന്നീ മേഖലകളിൽ മികവ് കാട്ടുന്നു. പത്താം ക്ലാസിൽ സ്ക്രൈബ് ഇല്ലാതെ തന്റെ പരിമിതികൾ ഉപയോഗിച്ച് പരീക്ഷ എഴുതി എല്ലാ വിഷയങ്ങൾക്കും ഉയർന്ന മാർക്ക് നേടി. ടിയാന്റെ ആസ്വാദന കുറിപ്പുകളും ഉമ്മയെന്ന കവിതയും ഇനിയും പൂക്കാത്ത ചെടി എന്ന കവിതയും ശ്രദ്ധ നേടിയവയാണ്. mind, ഇടം, ഗ്രാമദർശനം എന്നീ മാസികകൾ അസ്നയുടെ കഥകൾ, കവിതകൾ എന്നിവ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2020-ൽ വനിത ശിശു വികസന വകുപ്പിന്റെ ഉജ്ജ്വല ബാല്യം അവാർഡ് നേടിയിട്ടുണ്ട്.

കേരള സർക്കാർ

സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT

care, protection & empowerment

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

മികച്ച കായിക താരം



(നാഷണൽ ട്രസ്റ്റ് ആക്ട്)

## ശ്രീ. പൊന്നു. പി

വയനാട് ജില്ല നിവാസിയായ ശ്രീ. പൊന്നു. പി 2019-ൽ അബുദാബിയിൽ വെച്ച് നടന്ന വേൾഡ് സ്പെഷ്യൽ ഒളിമ്പിക്സിൽ വോളിബോൾ ഇനത്തിൽ വെള്ളി മെഡൽ കരസ്ഥമാക്കിയിട്ടുണ്ട്. 2017 ൽ ganpat university, mehsana, gujarat വെച്ച് നടന്ന സ്പെഷ്യൽ ഒളിമ്പിക്സിൽ ൽ വോളിബോൾ ഇനത്തിൽ NCC CUM NATIONAL CHAMPIONSHIP മൂന്നാം സ്ഥാനവും കരസ്ഥമാക്കിയിട്ടുണ്ട്. 2016 ൽ തിരുവനന്തപുരം LNCPE യിൽ വെച്ച് നടന്ന State Athletics Meet 100 മീറ്റർ ഓട്ടത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. കൂടാതെ ഓട്ടം, ചാട്ടം, ഷോട്ട്പുട്ട് ക്രിക്കറ്റ് തുടങ്ങിയ ഇനങ്ങളിൽ നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

GOVERNMENT OF KERALA
सत्यमेव जयते

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

മികച്ച കായിക താരം



(മറ്റ് ഭിന്നശേഷി വിഭാഗം)

## ശ്രീ. വിഷ്ണു പി. യു

തൃശ്ശൂർ ജില്ല നിവാസിയായ ശ്രീ. വിഷ്ണു പി. യു പഠനത്തോടൊപ്പം കായിക മേഖലയിലും വളരെ മികവ് പുലർത്തുന്നു. ഇദ്ദേഹത്തിന് Swimming ഇനത്തിൽ സംസ്ഥാന, ദേശിയ തലങ്ങളിൽ നടന്ന മത്സരങ്ങളിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയിട്ടുണ്ട്. 2017 ലെ physically challenged swimming federation of India 2018, സെറിബ്രൽ പാഴ്സി ഗെയിംസ്, 2018 ഗുജറാത്ത്, physically challenged All sports association Kerala 2019 & 2020 മത്സരങ്ങളിൽ free style, back stock എന്നീ ഇനങ്ങളിൽ ഫസ്റ്റ് പ്രൈസ് ലഭിച്ചിട്ടുണ്ട്.

മികച്ച കായിക താരം



(മറ്റ് ഭിന്നശേഷി വിഭാഗം)

SOCIAL JUSTICE DEPARTMENT
care, protection & empowerment

GOVERNMENT OF KERALA
सत्यमेव जयते

കേരള സർക്കാർ

## സാമൂഹ്യ നീതി വകുപ്പ്

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## ശ്രീ. അർഷക് ഷാജി

തിരുവനന്തപുരം ജില്ല നിവാസിയായ ശ്രീ. അർഷക് ഷാജി റോളർ സ്കേറ്റിംഗിൽ നാഷണൽ മെഡൽ നേടിയിട്ടുണ്ട്. 2015 സ്പെഷ്യൽ ഒളിംപിക്സിൽ റോളർ സ്കേറ്റിംഗ് വിഭാഗത്തിൽ മത്സരിച്ച ഇദ്ദേഹത്തിന് 2021 സ്റ്റേറ്റ് റോളർ സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പിൽ ഒരു ഗോൾഡ് മെഡലും ഒരു ബ്രോൻസ് മെഡലും ലഭിച്ചു. നാഷണൽ റോളർ സ്കേറ്റിംഗ് വിഭാഗത്തിൽ (2021) പങ്കെടുക്കുകയും ആദ്യ ഇന്ത്യൻ സ്റ്റേറ്റ് റോളർ ഗെയിംസ് 2022 മത്സരത്തിൽ 1 സിൽവർ മെഡലും, 1 ബ്രോൻസ് മെഡലും സ്വന്തമാക്കി. കൂടാതെ 2022 നാഷണൽ റോളർ സ്കേറ്റിംഗ് വിഭാഗത്തിൽ 1 ഗോൾഡ്, 1 സിൽവർ, 1 ബ്രോൻസ് മെഡലുകളും കരസ്ഥമാക്കിയിട്ടുണ്ട്.

ദേശീയ/അന്തർദേശീയ നേട്ടങ്ങൾക്ക് അർഹരായവർ



(ഭിന്നശേഷി വിഭാഗം)

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

## സാമൂഹ്യ നീതി വകുപ്പ്

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## ശ്രീ. പ്രശാന്ത് ചന്ദ്രൻ

തിരുവനന്തപുരം ജില്ല നിവാസിയായ ശ്രീ. പ്രശാന്ത് ചന്ദ്രൻ എഡി 1 മുതൽ 10 കോടി വർഷം വരെയുള്ള കലണ്ടറിൽ നിന്ന് ഏത് തീയതി നൽകിയാലും അത് ഏത് ദിവസമാണെന്നും അന്നത്തെ പ്രത്യേകത എന്തെന്നും കൃത്യമായി പറയുവാൻ കഴിയും. ഒരു തവണ കാണുന്നതെന്തും അപ്പോൾ തന്നെ ഹൃദിസ്ഥമാക്കുന്ന അസാധാരണ ഓർമ്മശക്തിയുണ്ട്. ഇദ്ദേഹത്തിന് 3 നാഷണൽ അവാർഡുകൾ ഉൾപ്പടെ പത്തിലധികം വേൾഡ് റിക്കോർഡ്, മുപ്പതിലധികം നാഷണൽ റിക്കോർഡ്, മൂന്നൂറിലധികം പുരസ്കാരങ്ങൾ എന്നിവ 24 വയസ്സിനുള്ളിൽ കരസ്ഥമാക്കാൻ സാധിച്ചു.

മികച്ച പ്രവർത്തനം
കാഴ്ചവെയ്ക്കുന്ന വ്യക്തി



(പ്രത്യേക പരാമർശം)

SOCIAL JUSTICE
DEPARTMENT
care, protection & empowerment

## കേരള സർക്കാർ
## സാമൂഹ്യ നീതി വകുപ്പ്

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## ശ്രീ. പി.എസ് കൃഷ്ണകുമാർ

Type 2 സ്പൈനൽ മസ്കുലാർ അട്രോഫി ബാധിതനായ കൊല്ലം ചവറ പട്ടത്താനം ദേവികയിൽ ശ്രീ. പി. എസ് കൃഷ്ണകുമാർ 2019-ലെ യൂത്ത് ഐക്കൺ അവാർഡ് നേടിയിട്ടുള്ള വ്യക്തിയാണ്. തന്റെ ഇച്ഛാശക്തി കൊണ്ട് പരിമിതിയെ മറികടന്ന് ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച ഇദ്ദേഹം തൃശൂർ ജില്ലയിൽ Mobility in Dystrophy (MIND) എന്ന സംഘടന രൂപീകരിക്കുകയും മസ്കുലാർ ഡിസ്ട്രോഫി ബാധിതരായ വ്യക്തികളുടെ സമഗ്ര ഉന്നമനത്തിനായി പ്രയതിക്കുകയും ചെയ്യുന്നു.

കേരള സർക്കാർ

സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT
care, protection & empowerment

(ഭിന്നശേഷി മേഖല)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## കോഴിക്കോട് ജില്ലാ ഭരണകൂടം

മികച്ച ജില്ലാ ഭരണകൂടം

ഭിന്നശേഷിയുള്ളവർ ഉൾപ്പടെയുള്ള പൊതുജനങ്ങൾക്കായി അവരുടെ പരാതികൾ പരിഹരിയ്ക്കുവാൻ പ്രാപ്തരാക്കുന്ന 'ഒപ്പം' എന്ന ഒരു ബഹുജന സമ്പർക്ക പരിപാടിയിലൂടെ ഭിന്നശേഷിക്കാരുടേയും പ്രായമായവരുടേയും പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നു. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ CRADLE APP കുട്ടികളുടെ വളർച്ചയുടെ ഘട്ടങ്ങൾ, വളർച്ച ക്രമക്കേടുകൾ നേരത്തെ കണ്ടെത്തൽകുട്ടിയുടെ വളർച്ചയുമായി ബന്ധപ്പെട്ട മറ്റു സുപ്രധാന വിവരങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ രക്ഷിതാക്കളെ സഹായിയ്ക്കുന്നു. ഭിന്നശേഷിക്കാർക്കും, കുടുംബാംഗങ്ങൾക്കുമായി ഇ–ശ്രം രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്തു.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

(ഭിന്നശേഷി മേഖല)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## തിരുവനന്തപുരം നഗരസഭ

മികച്ച നഗരസഭ

ഭിന്നശേഷിക്കാരുടെ സമഗ്ര വികാസത്തിനും പുനരധിവാസത്തിനുമായി തിരുവനന്തപുരം നഗരസഭ വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മാനസികവും, ശാരീരികവുമായ പരിമിതികൾ നേരിടുന്നവർക്കായി സ്കോളർഷിപ്പ്, സൈഡ് വീൽ സ്കൂട്ടർ, ടോക്കിംഗ് കമ്പ്യൂട്ടർ, എന്നീ അനുബന്ധ സഹായ ഉപകരണങ്ങൾ ലഭ്യമാക്കൽ, അംഗണവാടികൾ മുഖേന Early Intervention പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങി ഭിന്നശേഷി മേഖലയിൽ നിരവധി ഇടപെടലുകൾക്ക് നഗരസഭ നേതൃത്വം വഹിക്കുന്നു.

കേരള സർക്കാർ

## സാമൂഹ്യ നീതി വകുപ്പ്

(ഭിന്നശേഷി മേഖല)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## കണ്ണൂർ ജില്ലാ പഞ്ചായത്ത്

മികച്ച ജില്ലാ പഞ്ചായത്ത്

ഭിന്നശേഷിക്കാർക്കായി നവ സാമൂഹ്യ മാധ്യമങ്ങൾ, റേഡിയോ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിയ്ക്കാറുണ്ട്., കോവിഡിനെ പ്രതിരോധിയ്ക്കാൻ ഭിന്നശേഷിക്കാർ ഉൾപ്പടെയുള്ള പൊതുജനങ്ങളെ ബോധവൽക്കരിയ്ക്കുന്നതിനായി കണ്ണൂർ യൂണിവേഴ്സിറ്റിയുമായി ചേർന്ന് കെ സേഫ് എന്ന Mobile App സജ്ജമാക്കി. കൂടാളി ഗ്രാമപഞ്ചായത്തിൽ കൊളപ്പ എന്ന സ്ഥലത്ത് ഭിന്നശേഷിക്കാർക്കായി തൊഴിൽ പരിശീലനം നൽകുന്നതിനായി കൊളപ്പ വികലാംഗ പരിശീലന കേന്ദ്രം ആരംഭിച്ചു. ജില്ലാപഞ്ചായത്തിന് കീഴിലുള്ള എല്ലാ ഹയർസെക്കൻഡറി /ഹൈസ്കൂൾ ,ജില്ലാ ആശുപത്രികൾ ഉൾപ്പടെയുള്ള എല്ലാ ഘടക സ്ഥാപനങ്ങളും ഭിന്നശേഷി സൗഹൃദ കാര്യാലയങ്ങളായി മാറ്റുന്നതിന് ജില്ലാ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് കാര്യാലയത്തിലും, ഘടകസ്ഥാപനങ്ങളിലും അംഗപരിമിതർക്കായി റാമ്പ്, ലിഫ്റ്റ്, ഇരിപ്പിടങ്ങൾ, കുടിവെള്ളം, ശൗചാലയങ്ങൾ തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

സാമൂഹ്യ നീതി വകുപ്പ്

(ഭിന്നശേഷി മേഖല)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

മികച്ച ബ്ലോക്ക് പഞ്ചായത്ത്

ആൾ ഇന്ത്യാ ഇൻസ്റ്റിററ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനം വഴി സംസാര, ഭാഷ, കേൾവി ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നേതൃത്വം നൽകി. പാലിയേറ്റീവ് കെയർ, ഫിസിയോതെറാപ്പി ട്രീറ്റ്മെന്റ് എന്നിവ സ്നേഹതീരം ട്രസ്റ്റ് വഴി നൽകി. സെമിനാറുകളും , ബോധവത്കരണ ക്ലാസ്സുകളും AIISH മുഖേന നൽകി വരുന്നുണ്ട്. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും അതുപ്പോലെ വിദഗ്ദ ചികിത്സ സൗര്യങ്ങൾ ഒരുക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ കൂടാതെ ആയുഷിന്റെ ഔട്ട്റീച്ച് സെന്റർ കേരളത്തിൽ ആദ്യമായി അനുവദിച്ച് കിട്ടുന്നതിന് മികച്ച പ്രവർത്തനങ്ങൾ നടത്തി.

SOCIAL JUSTICE DEPARTMENT
care, protection & empowerment

## കേരള സർക്കാർ
## സാമൂഹ്യ നീതി വകുപ്പ്

(ഭിന്നശേഷി മേഖല)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## അരിമ്പൂർ ഗ്രാമ പഞ്ചായത്ത്

**മികച്ച ഗ്രാമ പഞ്ചായത്ത്**

പ്രത്യേക ഭവന പുനരുദ്ധാരണം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, മുച്ചക്ര വാഹനം, ഹിയറിംഗ് എയ്ഡ്, വാക്കിംഗ് സ്റ്റിക്ക് എന്നീ പദ്ധതികൾ നടപ്പിലാക്കി. 600 പേരോളം ഭിന്നശേഷിക്കാരെ 17 ഗ്രാമസഭകളിലായി നേരിട്ട് കേൾക്കുന്നതിനായി mother college of nursing students നെ പങ്കെടുപ്പിച്ചുകൊണ്ട് വിശദമായ സർവ്വേ നടത്തി. പഞ്ചായത്തിന്റെ തുടർപ്രവർത്തനങ്ങൾക്കാവശ്യമായ വിവരങ്ങൾ സർവ്വേയിലൂടെ കണ്ടെത്തി. ഇതിലൂടെ ഭിന്നശേഷിക്കാർക്കിടയിൽ തങ്ങളും സമൂഹത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാണെന്ന അവബോധം സൃഷ്ടിക്കുവാൻ കഴിഞ്ഞു. 394 പേർക്ക് ഭിന്നശേഷി വിഭാഗത്തിലുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ചു. ഭിന്നശേഷി വികസന സെമിനാറും ഭിന്നശേഷി വികസന രേഖയും ആക്ഷൻ പ്ലാനും പ്രഖ്യാപിക്കുവാനുള്ള തയ്യാറെടുപ്പിലാണ് പഞ്ചായത്ത്.

(ഭിന്നശേഷി മേഖല)

മികച്ച പുനരധിവാസ കേന്ദ്രം

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ
# സാമൂഹ്യ നീതി വകുപ്പ്

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## ആശ്വാസ് വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, കോട്ടയം

മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവർക്കും, കുട്ടികൾക്കും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, പരിശീലനം, പുനരധിവാസം എന്നിവ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്ഥാപനമാണ് ആശ്വാസ്വോക്കേഷണൽ ട്രെയിനിംഗ് സെൻററർ. we farm multi category agro farm school, aswas vocational training centre എന്നിങ്ങനെ രണ്ട് മേഖലകളിലായി 154 ട്രെയിനികൾക്ക് പരിശീലനം നൽകി വരുന്നു. ആകെ 18 ജീവനക്കാരിൽ രണ്ട് ഭിന്നശേഷിക്കാരാണ്. ട്രെയിനിംഗ് പൂർത്തിയാക്കിയ 5 പേർക്ക് ജോലിയും ലഭ്യമാക്കി. അഭിരുചിക്ക് അനുസരിച്ച കുട്ടികൾക്ക് ഡാൻസ്, മ്യൂസിക്, യോഗ, ബാൻഡ്, ഇൻസ്ട്രുമെന്റ് മ്യൂസിക്, തെറാപ്പി & സ്പോർട്സ് എന്നീ മേഖലിൽ ട്രെയിനിംഗ് നൽകുന്നു.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

സാമൂഹ്യ നീതി വകുപ്പ്

(സർക്കാർ/സ്വകാര്യ മേഖല)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## കേരള സ്കൂൾ ഫോർ ദി ബ്ലൈൻഡ്, മലപ്പുറം

മികച്ച ഭിന്നശേഷി സൗഹൃദ സ്ഥാപനം

1955-ൽ കാഴ്ച പരിമിതിയുള്ള വിദ്യാർത്ഥികളുടെ പഠനത്തിനും പുനരധിവാസത്തിനുമായി പ്രവർത്തിയ്ക്കുന്നതിനായി ആരംഭിച്ച സ്ഥാപനം. വിദ്യാർത്ഥികൾക്കായി അഡാപ്റ്റഡ് സ്പോർട്സ്,, അഡാപ്റ്റഡ് ഗെയിം, അഡാപ്റ്റഡ് ശാസ്ത്രലാബ്, വീൽ ചെയർറാംമ്പുകൾ, ഉല്ലാസ് പെഡഗോഗി പാർക്ക്, ക്രാഫ്റ്റ് നിർമ്മാണം, വിവിധ പരിശീലനങ്ങൾ, ലൈബ്രറി, കമ്പ്യൂട്ടർ ലാബ് എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

SOCIAL JUSTICE DEPARTMENT
care, protection & empowerment

GOVERNMENT OF KERALA
सत्यमेव जयते

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

(സർക്കാർ/സ്വകാര്യ മേഖല)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## എൻ.ഐ.പി.എം.ആർ, തൃശ്ശൂർ

മികച്ച സംരംഭങ്ങൾ/ ഗവേഷണങ്ങൾ

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ പ്രവർത്തിക്കുന്ന National Institute of Physical Medicine and Rehabilitation (NIPMR) എന്ന സ്ഥാപനം സെറിബ്രൽ പാൾസി, ഓട്ടിസം, മാനസിക വൈകല്യം മറ്റ് മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച കുട്ടികൾക്ക് സമഗ്രമായ പുനരധിവാസ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. അപകടങ്ങൾ, പക്ഷാഘാതം എന്നിവയുമായി ബന്ധപ്പെട്ട വൈകല്യമുള്ള മുതിർന്നവർക്ക് ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി തുടങ്ങിയ സേവനങ്ങളും നൽകുന്നു. മോട്ടോറൈസ്ഡ് മൊബലിറ്റി സംവിധാനമുള്ള പാശ്ചാത്യ മാതൃകയിൽ രൂപകൽപ്പന ചെയ്ത ഭിന്നശേഷി സൗഹൃദ ടോയിലെറ്റ് സജ്ജമാക്കിയിട്ടുണ്ട്. നിയന്ത്രിത സ്വിച്ചുകളിലൂടെയാണ് ഈ ഇലക്ട്രോണിക് ഫ്രെയിം നിയന്ത്രിയ്ക്കുന്നത്, വീൽചെയർ ഉപയോഗിയ്ക്കുന്നവർക്കും, പ്രായമായവർക്കും വികലാംഗർക്കും അനുയോജ്യമാണ്. ഈ സംവിധാനം ഇത്തരം ആളുകളുടെ ജീവിതം വളരെ എളുപ്പമാക്കുന്നു.

(ശ്രീമതി. റോസ്ലിൻ മാത്യു
ഡയറക്ടർ, ഇയാൻ ഇൻസ്റ്റിറ്റ്യൂട്ട്)

(സ്വകാര്യ മേഖല)

മികച്ച
തൊഴിൽദാതാവ്

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ
സാമൂഹ്യ നീതി വകുപ്പ്

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## ഇയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീഹാബിലിറ്റേഷൻ & റിസർച്ച്, തൃശ്ശൂർ

ഭിന്നശേഷി കുട്ടികൾക്ക് ലോകോത്തര നിലവാരത്തിലുള്ള ചികിത്സയും തെറാപ്പിയും പരിശീലനം ഒരുക്കുന്ന സ്ഥാപനമായ IAN INSTITUTE-ൽ ആകെ 39 ജീവനക്കാരിൽ 11 ജീവനക്കാർ ഭിന്നശേഷിക്കാരാണ്. എല്ലാ വർഷവും മാർച്ച് 29 ന് ഭിന്നശേഷിക്കാരുടെ കലാപരിപാടികളും ഭാവി പരിപാടികളുടെ ആസൂത്രണത്തോടു കൂടി IAN DAY ആചരിക്കുന്നു. 30 കുട്ടികളോട് കൂടി ആരംഭിച്ച ഈ സ്ഥാപനം ഇന്ന് 200 ഓളം ഭിന്നശേഷിക്കാർക്ക് വ്യത്യസ്തമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു.

SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

(നാഷണൽ ട്രസ്റ്റ് ആക്ട്)

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

**മികച്ച സർക്കാർ ഇതര സ്ഥാപനം**

## നവജീവന, പേർള, കാസർഗോഡ്

ഭിന്നശേഷി കുട്ടികൾക്കായി സ്പെഷ്യൽ എഡ്യൂക്കേഷൻ, ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്യൂപേഷണൽ തെറാപ്പി, ഓൺലൈൻ സ്പെഷ്യൽ എഡ്യുക്കേഷൻ, ഓൺലൈൻ കൾച്ചറൽ പ്രോഗ്രാം, ഹോം ബേയ്സ്ഡ് സ്പെഷ്യൽ എഡ്യുക്കേഷൻ ,മെഡിക്കൽ എയ്ഡ്, ഹൗസ് നിർമ്മാണം, ഡ്രസ്സ് ബാങ്ക്, വിദ്യാഭ്യാസ ധനസഹായം, കോവിഡ് റിലീഫ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, ടൂർ പ്രോഗ്രാമുകൾ മറ്റ് തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തി വരുന്ന സ്ഥാപനം.

(നാഷണൽ ട്രസ്റ്റ് ആക്ട്)



മികച്ച സർക്കാർ ഇതര സ്ഥാപനം

കേരള സർക്കാർ

സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT

care, protection & empowerment

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## ആശാനിലയം സ്പെഷ്യൽ സ്കൂൾ, വാഴൂർ, കോട്ടയം

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി സ്പെഷ്യൽ സ്കൂളും, മറ്റ് അനുബന്ധ സ്ഥാപനങ്ങളും നടത്തിവരുന്നു. സ്കൂളിൽ തൊഴിലധിഷ്ഠിത പരിശീലനവും നൽകിവരുന്നു. കൂടാതെ വിവിധങ്ങളായ തെറാപ്പികളും പരിശീലനങ്ങളും നൽകികൊണ്ട് ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമത്തിനായി നിലകൊള്ളുന്നു.

(മറ്റ് ഭിന്നശേഷി വിഭാഗം)

മികച്ച സർക്കാർ ഇതര സ്ഥാപനം

SOCIAL JUSTICE DEPARTMENT
care, protection & empowerment

GOVERNMENT OF KERALA
सत्यमेव जयते

കേരള സർക്കാർ

## സാമൂഹ്യ നീതി വകുപ്പ്

# സംസ്ഥാന ഭിന്നശേഷി അവാർഡ് 2022

## എബിലിറ്റി ഫൗണ്ടേഷൻ ഫോർ ദി ഡിസേബിൾഡ്, മലപ്പുറം

ഭിന്നശേഷി വിഭാഗക്കാരുടെ വിദ്യാഭ്യാസവും പുനരധിവാസവും തൊഴിൽ പരിശീലനവും ഭിന്നശേഷി സമൂഹത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നു. വിവിധങ്ങളായ തെറാപ്പികളും പരിശീലനങ്ങളും നൽകുകയും ഇവരുടെ കലാഭിരുചി പരിപോഷിപ്പിക്കുകയും ഭിന്നശേഷിക്കാരായ കുട്ടികളുടെ മുഖ്യധാരവൽക്കരണവും ലക്ഷ്യമിട്ടുകൊണ്ട് നിലകൊള്ളുന്ന ഈ സ്ഥാപനം ഭിന്നശേഷിക്കാർക്കുള്ള IAS അക്കാഡമി, പി.എസ്.സി കോച്ചിംഗ്, യു.ജി.സി നെറ്റ് ട്രെയ്നിംഗ് എന്നിവ നടത്തിവരുന്നു.